"ഭരണഭാഷ-മാതൃഭാഷ"

8490
1/8/21

കേരള സർക്കാർ

**നമ്പർ.ഭരണം.ബി1/73/2021/ധന.** **ധനകാര്യ(ഭരണം.ബി) വകുപ്പ്**

തിരുവനന്തപുരം

തീയതി: 26/02/2021

**അനൗദ്യോഗിക കുറിപ്പ്**

വിഷയം:- ധനകാര്യ വകുപ്പ് - ജീവനക്കാര്യം - ധനകാര്യ വകുപ്പിലെ താൽക്കാലിക ഡ്രൈവർ ശ്രീ.ഗിരിലാൽ.എ.എൽ - നെ സ്ഥിരപ്പെടുത്തുന്നത് - സംബന്ധിച്ച്

സൂചന:- 1. 22/02/2021 തീയതിയിലെ ഭരണം.ബി1/73/2020/ധന നമ്പർ കത്ത് (ഉള്ളടക്കം ചെയ്യുന്നു)

2. ഇനം നം.4672 മേലുള്ള 15/02/2021 ലെ മന്ത്രിസഭായോഗ തീരുമാനം

സൂചനകളിലേക്ക് പൊതുഭരണ(എസ്.സി)വകുപ്പ് - ന്റെ ശ്രദ്ധ ക്ഷണിക്കുന്നതിനോടൊപ്പം 15/02/2021 തീയതിയിലെ മന്ത്രിസഭായോഗത്തിൽ ഇനം നം.4672 നമേൽ എടുത്ത തീരുമാനം സൂചന (1) കത്ത് പ്രകാരം അപേക്ഷകനെ അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം അറിയിക്കുന്നു

**വിജയശ്രീ.എം.എസ്**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പൊതുഭരണ(എസ്.സി) വകുപ്പ്

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-02-2021

ഇനം നം: 4672

ഫയൽ നം. ഭരണം-ബി1/73/2020-ധന.

വിഷയം : ധനകാര്യ വകുപ്പ് - 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറെ സ്ഥിരപ്പെടുത്തുന്നത്.

തീരുമാനം : അംഗീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

17/2/2021

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

PS (Adm)

4672

# കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഭരണം.ബി1/73/2020-ധന |
| 2 | വകുപ്പ് | : | ധനകാര്യ വകുപ്പ് |
| 3 | വിഷയം | : | 10 വർഷത്തിലധികം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവറെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 07/02/2021 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പിന്റെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | :<br>: | അതെ<br>ഫയൽ ധനകാര്യ വകുപ്പിലാണ് കൈകാര്യം ചെയ്യുന്നത് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. മിനി.വി.ആർ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 08/02/2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11/02/2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ.ടി.എം. തോമസ് ഐസക്ക് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 12/02/2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12/02/2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1) ധനകാര്യ വകുപ്പിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ, പ്യൂൺ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലായി ജോലി നോക്കുന്ന ശ്രീ.ഗിരിലാൽ.എ.എൽ -നെ സ്ഥിരപ്പെടുത്തുന്നതാണ് ഈ ഫയലിലെ പ്രതിപാദ്യ വിഷയം.

2) താൻ പട്ടികജാതി വിഭാഗത്തിൽപ്പെട്ടതാണെന്നും ഡ്രൈവർ, പ്യൂൺ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലായി ദിവസവേതനാടിസ്ഥാനത്തിൽ 10 വർഷത്തിലധികമായി ധനകാര്യ വകുപ്പിൽ ജോലി നോക്കി വരുകയാണെന്നും തന്റെ രോഗിയായ ഭാര്യയും രണ്ട് പെൺമക്കളും പൂർണമായും തന്റെ സംരക്ഷണയിലാണെന്നും അപകടത്തെ തുടർന്ന് അമ്മ ചികിൽസയിലിരിക്കെ മരിച്ചതിലും പിതാവിന്റെ ഹൃദയസംബന്ധമായ അസുഖത്തിന്റെ ചികിൽസയ്ക്കുമായി വളരെയധികം തുക ചിലവഴിക്കേണ്ടി വന്നത് മൂലവും തന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായി എന്നത് സൂചിപ്പിച്ചും പ്രായപരിധി കഴിഞ്ഞതിനാൽ പി.എസ്.സി വഴി മറ്റ് ജോലികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുകയില്ല എന്നത് സൂചിപ്പിച്ചും ടിയാളെ ധനവകുപ്പിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ശ്രീ.അന്യൂപ്.എസ്, ശ്രീ.ഹരിലാൽ. ശ്രീ.നിഷാദ്.എ, ശ്രീ.സ്റ്റാലിൻ.ബി.ജി എന്നിവരുടെ അപേക്ഷകളോടൊപ്പം ശ്രീ.ഗിരിലാൽ.എ.എൽ അപേക്ഷ സമർപ്പിച്ചിരുന്നു.

3) ധനവകുപ്പ് ഉൾപ്പെടെയുള്ള മറ്റ് സർക്കാർ വകുപ്പുകളിൽ 10 വർഷമോ അതിലേറെയോ കാലം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നവരെ മുൻകാലങ്ങളിൽ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. ധനവകുപ്പിലും 10 വർഷത്തിലധികമായി ഡ്രൈവർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീ.മോഹനൻ.വി, ശ്രീ.എസ്.എൽ.രജിത്കുമാർ, ശ്രീ.ബി.ആർ.ഷൈൻനാഥ്, ശ്രീ.എസ്.സുരേഷ് കുമാർ, ശ്രീ.എ.കൃഷ്ണകുമാർ, ശ്രീ.എ.ഗോപൻ, ശ്രീ.ജി.ശ്രീകുമാർ എന്നിവരേയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

4) 10 വർഷത്തിലേറെ തുടർച്ചയായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ളവരെയാണ് മുൻകാലങ്ങളിൽ സ്ഥിരപ്പെടുത്തിയിട്ടുള്ളത്. ആയത് പരിഗണിച്ചും അപേക്ഷകരിൽ ശ്രീ.ഗിരിലാൽ.എ.എൽ -ന് മാത്രമാണ് പി.എസ്.സി വഴി മറ്റ് ജോലികൾക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി കഴിഞ്ഞിട്ടുള്ളത് എന്നതിനാലും ടിയാളുടെ രോഗിയായ ഭാര്യയും രണ്ട് പെൺമക്കളും പൂർണമായും ടിയാന്റെ സംരക്ഷണയിലാണ് എന്നുള്ളത് പരിഗണിച്ചും ടിയാന്റെ അമ്മ അപകടത്തെ തുടർന്ന് ചികിൽസയിലിരിക്കെ മരണപ്പെട്ടതിലും അച്ഛൻ ഹൃദയ സംബന്ധമായ അസുഖത്തെതുടർന്ന് ചികിൽസയിലിരിക്കെ മരണപ്പെട്ടതിലും ടിയാന് ഇരുവരുടെയും ചികിൽസക്കായി വളരെയധികം തുക ചെലവഴിക്കേണ്ടി വന്നുവെന്നത് ടിയാന്റെ കുടുംബത്തിന്റെ സാമ്പത്തിക സ്ഥിതിയെ വളരെയധികം ബാധിച്ചുവെന്നത് പരിഗണിച്ചും ശ്രീ.ഗിരിലാൽ.എ.എൽ -നെ ധനവകുപ്പിൽ നിലവിലുള്ള 1 ഓഫീസ് അറ്റൻഡന്റ് (16500-35700) തസ്തിക ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയായി പുനർനിർണ്ണയിച്ച ശേഷം ധനവകുപ്പിൽ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് (18000-41500)തസ്തികയിൽ സ്ഥിരപ്പെടുത്താവുന്നതാണ്.

**ജീവനക്കാരനെ സ്ഥിരപ്പെടുത്തുന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത**

മേൽപ്പറഞ്ഞ ജീവനക്കാരനെ സ്ഥിരപ്പെടുത്തുന്നതിലൂടെ 18,000 രൂപയുടെ വാർഷിക സാമ്പത്തിക ബാധ്യത പ്രതീക്ഷിക്കുന്നു.

ധനവകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവറായി ജോലി ചെയ്തു വരുന്ന ശ്രീ ഗിരിലാൽ.എ.എൽ-നെ സ്ഥിരപ്പെടുത്തുന്നതിലേക്കുള്ള ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ഈ ഫയൽ മന്ത്രിസഭായോഗം മുമ്പാകെ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കപ്പെടേണ്ട വിഷയം

ധനകാര്യ വകുപ്പിൽ 10 വർഷത്തിലധികമായി ദിവസവേതനാടിസ്ഥാനത്തിൽ ഡ്രൈവർ, പ്യൂൺ, ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലായി ജോലി നോക്കി വരുന്നതും പട്ടികജാതി വിഭാഗത്തിൽപ്പെട്ടതുമായ ശ്രീ.ഗിരിലാൽ.എ.എൽ -നെ ടിയാന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും പി.എസ്.സി വഴി മറ്റൊരു ജോലിക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി കഴിഞ്ഞുവെന്നത് പരിഗണിച്ചും ടിയാനെ ധനവകുപ്പിൽ നിലവിലുള്ള 1 ഓഫീസ് അറ്റൻഡന്റ് തസ്തികയെ ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയാക്കി പുനർനിർണ്ണയിച്ച് ടി തസ്തികയിൽ സ്ഥിരപ്പെടുത്താമോ ?